5. തോട്ടങ്ങൾ ഏറ്റെടുക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഹിൽമേട് നിയോജക മണ്ഡലത്തിലെ കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ തോട്ടമുടമ ഉപേക്ഷിച്ചുപോയിട്ട് ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ ഈ തോട്ടങ്ങൾ ഉറക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയിരുന്നു. ലേബർ കമ്മീഷണർ ലെവലിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ പലതവണ നടന്നെങ്കിലും മാനേജ്മെന്റ് വിട്ടുനില്ക്കുന്ന സാഹചര്യമാണുണ്ടായത്. ഈ തോട്ടങ്ങൾ ഉറക്കുന്നതുമായി ബന്ധപ്പെട്ട്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് അടക്കമുള്ളവർ നടത്തിയ ചർച്ചയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കൂട്ടായി പ്രഖ്യാപിച്ച ഒരു പാക്കേജിന്റെ ഭാഗമായിട്ടാണ് കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ ഉറക്കം പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടായത്. എന്നാൽ അത് ഇടർന്നും മുന്നോട്ട കൊണ്ടുപോകുന്ന ഒരു നിലപാട് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായില്ല. അന്നത്തെ എഗ്രിമെന്റിന്റെ സാധ്യത പ്രയോജനപ്പെടുത്തി അതിന്റെ മറവിൽ ഏക്കർ കണക്കിന് ഭൂമി വില്ക്കുന്നതിനുള്ള നിലപാട് മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് അവർ സ്വീകരിക്കുകയും ചെയ്തു. ഈ തോട്ടങ്ങൾ ഉപേക്ഷിച്ചു പോയിട്ട് ഏതാണ്ട് ഒന്നരവർഷമായി. ഇത് ഉറക്കുന്നതിനോ ചർച്ചയിൽ പങ്കെടുക്കുന്നതിനോ ഉള്ള മനോഭാവംപോലും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. അവിടത്തെ തോട്ടം തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലാണ്. അതുകൊണ്ട് കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം. അതോടൊപ്പം പ്രതിസന്ധിയിലായ തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ആനുകൂല്യങ്ങൾ. പുനഃസ്ഥാപിക്കുന്നതിനും സൗജന്യറേഷൻ അടക്കമുള്ള കാര്യങ്ങൾ വിതരണം ചെയ്യുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ വിഷയത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ലേബർ കമ്മീഷണർ ലെവലിൽ ആറ് ചർച്ചകൾ നടത്തി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ, മാനേജ്മെന്റുകൾ ചർച്ചകളിൽനിന്ന് വിട്ടുനില്ക്കുകയാണുണ്ടായത്. മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം, ഭൂമി വില്ക്കാനുള്ള അനുവാദം കൊടുക്കണമെന്ന ഒരു കാര്യം മാത്രമേ അനൗദ്യോഗികമായി അവർ ആവശ്യപ്പെടുന്നുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇതുപോലൊരു പ്രതിസന്ധിയുണ്ടായപ്പോൾ തൊഴിലാളി യൂണിയനുകളുമായി ഒരു ധാരണയിലെത്തിയെന്നാണ്. എന്നാൽ എന്റെ അറിവ്

LIBRARY ARCHIVES Kerala Legislative Assembly

ശരിയാണെങ്കിൽ 50 ഏക്കറോളം സ്ഥലം വിൽക്കുകയുണ്ടായി എന്നാണ്. അതിനു ശേഷം കുറച്ചുകാലം പ്രവർത്തനം ഇടതുകയും വീണ്ടും പൂട്ടുകയും വീണ്ടും അതേ നിലയിലേക്ക് പോവുകയുമൊക്കെ ചെയ്ത തൊഴിൽവകുപ്പിന് അനുമതി കൊടുക്കാനുള്ള അധികാരമില്ല, മാത്രമല്ല, പ്ലാന്റേഷൻ ഭാഗങ്ങളായി മുറിച്ചുവിറ്റ് ഇത് നടത്തി കൊണ്ടുപോകണമെന്ന് പറയുന്ന സമീപനത്തോട് യോജിക്കാനും സാധിക്കില്ല. മാനേജ്മെന്റുകളുടെ നിഷേധാത്മകമായ ഈ നിലപാട് കണക്കിലെടുത്ത് ഈ എസ്റ്റേറ്റുകൾ Tea Act പ്രകാരം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ ലേബർ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിരിക്കുകയാണ്. Tea Act പ്രകാരം മാത്രമേ ഇത് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ബോണക്കാട് എസ്റ്റേറ്റിൽ അതിന്റെ സാധ്യത പരിശോധിച്ചുവരികയാണ്. ഇത് പൂർണ്ണമായി Tea ആയതുകൊണ്ട് Tea Act പ്രകാരം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം അയയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ ഓണക്കാലത്ത് റിലീഫ് നൽകുന്ന ലിസ്റ്റിൽ കോട്ടമല, ബോണാമി എസ്റ്റേറ്റിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്ക് ഓണക്കാലത്ത് റിലീഫ് നല്കുന്നതായിരിക്കും.

6. കൃാബിനറ്റ് തീരുമാനം നടപ്പാക്കൽ

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ മത്സ്യവിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിന് തയ്യാറാക്കുന്ന പ്രദേശമെന്ന നിലയിലാണ് ഇൻഡ്യാ ഗവൺമെന്റിന്റെ Foreign Trade Policy പ്രകാരം അരൂരിനെ 'Centre of Excellence' അഥവാ 'മികവിന്റെ പട്ടണ'മായി പ്രഖ്യാപിച്ചത്. അരൂരിൽ നിന്ന് പ്രതിവർഷം 4,500 കോടി രൂപയുടെ കയറ്റുമതിയാണ് നടത്തുന്നത്. എന്നാൽ ഈ പ്രദേശത്തെ മത്സ്യസംസ്കരണ ശാലകളിൽ നിന്ന് പുറന്തള്ളുന്ന മലിനജലം ചന്തിരൂർ-പുത്തൻതോട് ഉൾപ്പെടെയുള്ള ജലാശയങ്ങളെ മലിനീകരിക്കപ്പെടുകയും ഇതുമൂലം സാംക്രമിക രോഗങ്ങൾ പടരുകയും ചെയ്യുന്നു. ഇതേത്തുടർന്ന് പ്രദേശവാസികൾ അവിടെയുണ്ടാകുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം വേണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ അവിടെയുള്ള മത്സ്യ സംസ്കരണശാലകൾക്ക് പ്രവർത്തനാനുമതി നല്കരുതെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് അവിടെ ഒരു പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് Pollution Control Board സർക്കാരിനു വേണ്ടി ഉറപ്പുനല്കിയതുകൊണ്ടാണ് അനേകായിരമാളുകൾ ജോലി ചെയ്യുന്ന ഈ മത്സ്യ സംസ്കരണശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. മാലിന്യപ്രശ്നങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly